9 -ാം വർഷം
2025
മെയ് 11

ഉയർപ്പ് നാലാം ഞായർ



Laity Reflect on
SYRO-MALABAR SUNDAY MASS
# SCRIPTURE READINGS



# ആനന്ദത്തിന്റെ വെള്ളിലകൾ

പത്തെഴുപത് കൊല്ലം മുമ്പാണത്. ഒരു കൗമാരക്കാരൻ പള്ളി സംഘടന യിലെ കൂട്ടുകാർക്കൊപ്പം പിക്നിക്കിന് പോകാൻ തയ്യാറായി വരികയാണ്.

ചില കൂട്ടുകാർ കൂടി വരാനുണ്ട്. നേരത്തെ എത്തിയ ആ പതിനേഴു കാരൻ പെട്ടെന്ന് ഒരു തോന്നലിൽ തൊട്ടടുത്തുള്ള ഇടവക ദേവാലയത്തിലേക്ക് ആരോടും പറയാതെ കയറി പോവുകയാണ്.

അവിടെ വച്ച് അവൻ അതുവരെ കാണാത്ത ഒരു വൈദികനെ കണ്ടുമു ട്ടുന്നു. വാക്കുകൾ കൊണ്ട് വിവരിക്കാ നാവാത്ത ഒരു ദൈവീകാനുഭവം തന്നിലേക്ക് വരുന്നതായി അവന് തോന്നി. അവൻ ആ വൈദികന്റെ അടുത്ത് ആത്മാർത്ഥമായി കുമ്പസാരിച്ചു. ആ നിമിഷങ്ങളിലൂടെ കടന്നുപോകവേ വലിയ ഒരു മാറ്റമാണ് അവനിൽ സംഭവിച്ചത്.

തന്നെ ആരോ കാത്തിരിക്കുന്നു എന്ന തോന്നൽ അവനുണ്ടായി. പള്ളിക്കൂട്ടത്തിലെ കൂട്ടുകാരോടൊപ്പം ആർത്തുല്ലസിക്കണമെന്നുറപ്പിച്ച് രാവിലെ വീട്ടിൽ നിന്നിറങ്ങിയ ജോർജ് എന്ന ആ ടീനേജർ, ഒരു വൈദികൻ ആവണമെന്ന ഉത്ക്കടമായ അഭിലാഷ ത്തോടെയാണ് പിക്നിക്കിന് പോകാതെ തിരികെ വീട്ടിലേക്ക് കയറി ചെല്ലുന്നത്.

പിന്നീടുണ്ടായത് ചരിത്രം. തന്റെ ദൈവവിളി തിരിച്ചറിഞ്ഞ ജോർജ് ബെർഗോളിയോ, കരുണയുള്ള വൈദികനായി. പിന്നീട് വത്തിക്കാനിലെ വലിയ ഇടയനും.

സുവിശേഷം ആനന്ദമാണെന്ന് പറഞ്ഞു വയ്ക്കുന്നതും അതേ ഫ്രാൻ സിസ് പാപ്പയാണ്. ആനന്ദം പങ്കുവയ്ക്ക ലിന്റേതാണ്.



റെജിൻ ജോർജ്

സ്നേഹത്തിന്റെ സുവിശേഷങ്ങൾ എത്ര വർണ്ണിച്ചാലും അവസാനിക്കുന്നതല്ലല്ലോ! അതിന്റെ അത്ഭുതങ്ങൾ അനശ്വരമാണ്. അതിരുകളില്ലാത്ത പൂന്തോട്ടം പോലെ പരിമളം പടർത്തി, സദാ ശോഭനമായി, കള്ളന് കവർന്നെടുക്കാനോ നശിപ്പിക്കാനോ കഴിയാതെ.

## ദൈവവിളിയെന്ന വെല്ലുവിളി

ദൈവവിളി എങ്ങനെ തിരിച്ചറിയാൻ കഴിയും?

ദൈവവിളിയുടെ മധ്യസ്ഥനായ യൗസേപ്പിതാവിന്റെ ജീവിതമാണ് മറുപടി.

'എനിക്കൊരു സ്വപ്നമുണ്ട് നിന്നെ കുറിച്ച്', ദൈവം പറയുന്നു.

ആ ദൈവവിളി കേൾക്കണമെങ്കിൽ, ഉള്ളം നിശബ്ദമാകണം; കാതോർക്കണം. എങ്കിലേ ദൈവം നമ്മെക്കുറിച്ച് കാണുന്ന ആ സ്വപ്നം ദർശിക്കാനാവുകയുള്ളൂ.

കൊട്ടാരബഹളങ്ങളിൽ നിന്ന് ബോധിവൃക്ഷത്തിന്റെ സ്വസ്ഥതയിലേക്ക് ഇറങ്ങിവന്ന ശ്രീബുദ്ധനും മരുത്വാമലയുടെ ഏകാന്തശാന്തി നൽകുന്ന സ്വച്ഛന്ദതയിൽ തെളിച്ചം തേടിയ ശ്രീനാരായണഗുരുദേവനും സ്വപ്നത്തിൽ കിട്ടിയ നിർദ്ദേശ മനുസരിച്ച് മറിയമെന്ന ഗർഭിണിയായ പെൺകുട്ടിയെയും പിന്നീടവളുടെ മകനെയും ഒരു നിഴൽപോലെ കൂടെനിന്ന് സംരക്ഷിച്ച നീതിമാനായ യൗസേപ്പും ദൈവവിളിയെന്ന ഉൾവിളിയുടെ വ്യത്യസ്ത തലങ്ങളെ വെളിവാക്കുന്നുണ്ട്.

## സ്രഷ്ടാവും സൃഷ്ടിയും

മണ്ണും പൊടിയും പറ്റി കിടക്കുന്ന കരിങ്കല്ലിലോ വെണ്ണക്കല്ലിലോ ശില്പി കാണുന്നത് മനോഹരശില്പമാണ്. അതുകൊണ്ടാണല്ലോ നസ്രത്തിലെ കൗമാരക്കാരി പെൺകുട്ടിയിൽ ദൈവമാതാവിനെ കണ്ടത്; മീൻപിടുത്തക്കാരൻ ശിമയോനിൽ സഭയുടെ അടിത്തറ കെട്ടേണ്ട പത്രോസിനെ, ടാക്സ് കളക്ഷൻ ഏജന്റ് ലേവിയിൽ സുവിശേഷകൻ മത്തായിയെ, ടോക്സിക് സാവൂളിൽ അപ്പസ്തോലൻ പൗലോസിനെ..... ഉദാഹരണങ്ങൾ ഒരുപാടാണ്.

അപ്പോൾ ഒരു ചോദ്യം. ഇപ്പോഴുള്ള എന്നിൽ, ദൈവമേ അവിടുന്ന് ആരെയാണ് കാണുന്നത്!

ഞാൻ ആരായിത്തീര ണമെന്നാണ്....???

കൈക്കുമ്പിളിലെ ഇത്തിരി പോന്ന വിത്തിൽ വൻ വൃക്ഷത്തെ കാണുന്നവന്, വ്രണിതനായ പാപിയിൽ ഒരു വിശുദ്ധ നെയും കാണാനാവും. അസ്സീസിയിലെ നിസ്വൻ, എല്ലാം ഉപേക്ഷിച്ചവന്റെ തന്റേടത്തോടെ മാതൃകയായി മുൻപിലുണ്ട്.

നമ്മിൽ മറഞ്ഞിരിക്കുന്ന യേശുവിനെ പുറത്തുകൊണ്ടുവരുവാൻ വെട്ടിയും ചുരണ്ടിയും ആവശ്യമില്ലാ ത്തതിനെ എടുത്തു കളയേണ്ടതുണ്ടെന്നു മാത്രം.

## ആരാണ് ശത്രു?

ഒരു യഥാർഥ വിശ്വാസി തന്നെ സംബന്ധിച്ചും തന്റെ ദൈവത്തിലും സംതൃപ്തനായിരിക്കണമല്ലോ! എന്നാൽ, സാക്ഷാൽ പറുദീസയിലെ ആനന്ദം നിത്യദുഃഖമായി മാറുന്നത്, അത്യാഗ്രഹ ത്തിന്റെ ഹൃദയത്തിലേക്ക് സാത്താനെന്ന സ്വേച്ഛാധിപതിയുടെ നുഴഞ്ഞുകയറ്റ ത്താടെയാണ്. ഈ ശത്രുവിൽ നിന്നൊരു മോചനം സാധ്യമോ?

ശക്തനിൽ നിന്ന് ഇരയെയോ സ്വേച്ഛാധിപതിയിൽ നിന്ന് അടിമയെയോ വിടുവിക്കാൻ കഴിയുമോ?

ഒരു ഉത്തരം കേൾക്കുന്നുണ്ട്. 'കഴിയും, കർത്താവ് അരുളി ചെയ്യുന്നു: ശക്തനിൽ നിന്ന് അടിമകളെ വിടുവിക്കുകയും സ്വേച്ഛാധിപതിയിൽ നിന്ന് ഇരയെ രക്ഷിക്കുകയും ചെയ്യും.' (ഏശയ്യ 49:25).

പറുദീസ പോലെ സുന്ദരമാ യിരുന്ന നമ്മുടെ കുടുംബങ്ങളും തൊഴിലിടങ്ങളും ചില സാത്താന്മാരുടെ നുഴഞ്ഞുകയറ്റത്തോടെയാണ് നിത്യനരകമായി മാറുന്നത്.

സംശയം, അസൂയ, വെറുപ്പ്, അപകർഷത.... പാപരാക്ഷസന്മാരുടെ പേരുകൾ അനവധിയാണ്. ഈ നാരകീയ ശത്രുക്കൾക്ക് നമ്മെ ആക്രമിക്കാനുള്ള പഴുത് കൊടുക്കാതിരിക്കുക എന്നതാണ് ഡിഫൻസീവ് സ്റ്റാൻഡ്. കാരണം, ഒരിക്കൽ പെട്ടുപോയാൽ ഒന്നു തലയൂരാൻ വലിയ വില കൊടുക്കേണ്ടിവരും. ശത്രുവിനെ തിരിച്ചറിയാൻ പറ്റിയില്ല എന്നുള്ളതായിരുന്നു പറുദീസയിലെ പിഴവ്. കാൽവരിയിലെ കുരിശുമരണത്തോളം വിലയാണതിന് കൊടുക്കേണ്ടിവന്നത്!

എന്നിട്ടും രക്ഷിക്കപ്പെട്ടല്ലോ എന്നാണോ? പൌലോസ് അപ്പസ്തോലൻ എഫേസോസു കാർക്കെഴുതിയ ലേഖനത്തിൽ ആവർത്തിക്കുന്നുണ്ട്: രക്ഷ ദൈവ ത്തിന്റെ ദാനമാണ്. അത് നിങ്ങൾ നേടിയെടുത്തതല്ല. വിശ്വാസം വഴി കൃപയാൽ ആണ് നിങ്ങൾ രക്ഷിക്കപ്പെട്ടത്.

യേശുക്രിസ്തുവിൽ അർപ്പിക്കുന്ന വിശ്വാസം ഒന്നുമാത്രമാണ് രക്ഷയുടെ ഉപാധി.

ഇനി അഹംഭാവം നിറഞ്ഞ അന്ത:കരണത്തോട് ഇങ്ങനെ പറയാം: രക്ഷ കിട്ടി എന്നതിൽ ആരും അഹങ്കരി ക്കേണ്ടതില്ല.

എന്നിട്ട് എളിമയോടെ ആവർത്തി ക്കാം: കർത്താവേ, എനിക്ക് നിന്റെ കൃപ മതി! 'ദൈവമേ' എന്ന ഉള്ളുലയു ന്നൊരു വിളി ഉയരുന്നുണ്ടോ?

## ഭക്തിക്കച്ചവടം Vs ഹൃദയശുദ്ധി

പത്ത് പുത്തനുണ്ടെങ്കിൽ പരിശുദ്ധാത്മാവിനെ വാങ്ങാമെന്ന് വ്യാമോഹിക്കുന്നുണ്ടോ? അങ്ങനൊ രാളാണ് മാന്ത്രിക വിദ്യക്കാരൻ ശിമയോൻ.

സമരിയായിൽ ശിഷ്യന്മാർ കൈവയ്പ്പ് ശുശ്രൂഷ നടത്തുന്നതും

പരിശുദ്ധാത്മാവ് നൽകപ്പെടുന്നതും കക്ഷിക്കിഷ്ടപ്പെട്ടു, കീശയിലെ വെള്ളിത്തുട്ടുകളെടുത്തു കൊടുത്തിട്ട് കച്ചവടം ഉറപ്പിക്കാൻ ഒരുങ്ങുകയാണ് ടിയാൻ; താൻ ആരുടെ മേൽ കൈ വച്ചാലും അവർക്ക് പരിശുദ്ധാത്മാവിനെ കിട്ടത്തക്ക വിധം തനിക്കും ഈ ശക്തി ലഭിക്കണമെന്നുള്ളതാണ് ഡിമാൻഡ്. നല്ല 'ചുട്ട മറുപടി' തന്നെയാണ് പത്രോസ് കൊടുക്കുന്നത്.

അയാളുടെ ഹൃദയം ദൈവ സന്നിധിയിൽ ശുദ്ധമല്ല എന്നുള്ള തിനാൽ  ദൈവിക ദാനത്തിന്റെ കാര്യത്തിൽ ഈ ചെപ്പടിവിദ്യക്കാരൻ ശിമയോന് യാതൊരു ഭാഗഭാഗിത്വമോ അവകാശമോ ഉണ്ടാവുകയില്ലെന്ന് പത്രോസ് കണിശമായി പറയുന്നു. ശ്ലീഹ എട്ടാം അധ്യായത്തിന്റെ വായന, ഹൃദയ ശുദ്ധിയെക്കുറിച്ചുള്ള ചില വീണ്ടുവിചാര ങ്ങളിലേക്കും വീണ്ടെടുപ്പുകളിലേക്കും നമ്മെ നയിക്കുക തന്നെ ചെയ്യും.

## വീണ്ടെടുപ്പുകളുടെ ആനന്ദം.

യോഹന്നാന്റെ സുവിശേഷ ത്തിലെ ദൈവശാസ്ത്രപരമായ ഒരു മോണോലോഗ് ആണ് പ്രമേയം.

സുദീർഘമായ ഈ സംസാര ത്തിൽ, നിങ്ങളുടെ ദുഃഖം സന്തോഷ മായി മാറുമെന്നും ആ സന്തോഷം നിങ്ങളിൽ നിന്ന് ആരും എടുത്തുകള യുകയില്ല എന്നും അസന്ദിഗ്ദ്ധമായി പ്രഖ്യാപിക്കുകയാണ് യേശു.

നിങ്ങൾ കരയുകയും വിലപിക്കുകയും ചെയ്യും എന്ന് യേശു പറയുന്നതെന്തുകൊണ്ടാവാം?

ഒറ്റിക്കൊടുത്തതും തള്ളിപ്പറഞ്ഞതും ഗത്സെമിനിൽ വച്ച് ഗുരുവിനോടൊപ്പം  ഉണർന്നിരിക്കാൻ കഴിയാഞ്ഞതും നേതാവിന്റെ കുരിശു മരണവുമെല്ലാം തീർച്ചയായും അനുയായികളെ തളർത്തുമല്ലോ.

തെറ്റുപറ്റിപ്പോയെന്നുള്ള മനോദു:ഖത്തെ മാറ്റിയെടുക്കാൻ



തെറ്റുതിരുത്താനുള്ള അവസരത്തിന് കഴിയേണ്ടതാണ്.

നഷ്ടങ്ങളുടെ സങ്കടത്തേക്കാൾ ഒത്തിരിയൊത്തിരി വലുതാണല്ലോ വീണ്ടെടുപ്പുകളുടെ ആനന്ദം.

റെസൈലിയൻസ്/ വീണ്ടെടുപ്പ് / അതിജീവനം എന്നിവയുടെയൊക്കെ കെമിസ്ട്രി പിടികിട്ടിയവർക്കായൊരു വാഗ്ദാനവുമുണ്ട്. നിങ്ങൾ എന്റെ നാമത്തിൽ പിതാവിനോട് ചോദിക്കുന്നതെന്തും അവിടുന്ന് നിങ്ങൾക്ക് നൽകുമെന്ന്.

ആ 'ക്ലോസ്' ശ്രദ്ധിച്ചല്ലോ. യേശുവിന്റെ നാമത്തിൽ ചോദിക്കണമെന്ന്! ലോകത്തെ കീഴടക്കിയവന്റെ ഈ ശിപാർശ മാത്രം മതിയെനിക്ക്; നിങ്ങൾക്കോ?

## രണ്ടേരണ്ടു ചോദ്യങ്ങൾ...

**ചോദ്യം 1:**

എനിക്കും നിനക്കും ഇടയിൽ മാത്രം ഉള്ളതാണോ സ്നേഹം?

ഉത്തരം: ഒരിലയെ മാത്രമായി സ്നേഹിക്കാൻ ആവില്ലല്ലോ. വേരുകൾ പടരുന്ന ഇടങ്ങൾക്കപ്പുറവും ചെന്നെത്തുന്നതാണല്ലോ സ്നേഹം.

**ചോദ്യം 2:**

ദൈവത്തിനും മനുഷ്യനും ഇടയിൽ തീർന്നു പോകുന്നതാണോ ആത്മീയത?

ഉത്തരം: ഇടയിൽ വിശാലമായ ലോകമുണ്ട്, ചുറ്റുമുള്ള മനുഷ്യരുണ്ട്, നമ്മുടെയും അവരുടെയും ജീവിതമുണ്ട്.

ഇവിടെയെല്ലാം ദൈവസ്നേഹത്തിന്റെ പച്ചപ്പ് പതിയുമ്പോഴേ ആത്മീയതയുടെ ചിത്രം പൂർണമാകൂ...

ഈ പച്ചപ്പാർന്ന ജീവിത മുഖപ്പുകൾക്കുള്ളിലേ ആനന്ദത്തിന്റെ വെള്ളിലകൾ കണ്ടെത്താനാകൂ....

▲ Editors : Rev. Dr. GEORGE NELLISSERY email: nellisseryg@gmail.com | Rev. VARGHESE KANNAMPILLY email: baijukannampilly@gmail.com
▲ Co-ordinator : SHIJU ACHANDY email: shijuachandy@gmail.com ▲ WEB Hosting : JIJO PANTHALLOOR www.Veeble.com
▲ Layout and Composing : BLYTH GRAPHICS email: blythbiju@gmail.com ▲ Publisher : Rev. PAUL KOTTACKAL (Sr.) email: frpaulkottackal@gmail.com